**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - വിഴിഞ്ഞം - കോവളം ഏരിയ ഡെവലപ്പ്മെന്റ് സ്കീമിന്റെ ഭാഗമായ സ്ഥലത്ത് നടത്തിയ അനധികൃ നിർമ്മാണം സംബന്ധിച്ച വിജിലൻസ് കേസ് - റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. കെ. രാജഗോപാൽ, തിരുവനന്തപുരം റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിലെ ടൗൺ പ്ലാനിംഗ് സർവ്വേയർ ആയിരുന്ന ശ്രീ. ജെ. ദിനേഷ് കുമാർ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3373/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.12.2014

================================================================

പരാമർശം:-

1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.04.2012-ലെ C1(VC2/09/SRT) 6732/09 നമ്പർ കത്ത്.
2) 04.04.2013 തീയതിയിലെ 23034/ഇയു1/09/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ.ജെ. ദിനേഷ് കുമാറിന്റെ 01.06.2013 തീയതിയിലെ പ്രതിവാദ പത്രിക.
4) മുഖ്യനഗരാസൂത്രകന്റെ 17.07.2013 തീയതിയിലെ എ1/9217/09 നമ്പർ കത്ത്.
5) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. കെ. രാജഗോപാലിന്റെ 13.05.2013 തീയതിയിലെ പ്രതിവാദ പത്രിക.
6) നഗരകാര്യ ഡയറക്ടറുടെ 10.03.2014 തീയതിയിലെ വി1-30083/2009 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ വിഴിഞ്ഞം-കോവളം ഏരിയാ ഡെവലപ്പ്മെന്റ് സ്കീമിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ഇല്ലാത്ത ഭാഗത്ത് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് റീ സർവ്വേ നമ്പർ 453/10, 453/18 സ്ഥലത്ത് ശ്രീമതി. ഷീജാ ഹർഷകുമാർ അനധികൃതമായി നിർമ്മാണം നടത്തിയ മൂന്ന് നില കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകിയതു സംബന്ധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണ നടത്തിയിരുന്നു. പ്രസ്തുത നിർമ്മാണം അനധികൃതമായിരുന്നിട്ടും നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ കെട്ടിട നികുതി കെട്ടിട നിർമ്മാണം പൂർത്തീകരിക്കും മുമ്പേ ക്രമവരുദ്ധമായി നിർണയിച്ചു നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് 696.96

$m^2$ വിസ്തീർണ്ണമാണ് ഉള്ളതെന്ന് കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതിന് മുമ്പ് റവന്യു ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തിയായപ്പോൾ ടി കെട്ടിടത്തിന് 788.36 $m^2$ വിസ്തീർണ്ണം ഉണ്ടായിരുന്നു. ഇത്തരത്തിൽ കെട്ടിട ഉടമയ്ക്ക് പ്രതിവർഷം നികുതിയിനത്തിൽ 2976.68 രൂപ ലാഭവും നഗരസഭയ്ക്ക് നഷ്ടവും ഉണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ റവന്യു ഇൻസ്പെക്ടർ ശ്രീ. കെ. രാജഗോപാലിന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി. ശ്രീമതി. ഷീജാ ഹർഷകുമാറിന്റെ കെട്ടിട നിർമ്മാണ അപേക്ഷയിൽ സ്ഥലപരിശോധന നടത്തിയ തിരുവനന്തപുരം റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിലെ സർവ്വേയർ ശ്രീ. ജെ. ദിനേശ് കുമാർ, പ്രസ്തുത സ്ഥലം സിവിക് സെന്ററിൽ ഉൾപ്പെട്ടതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം വിഴിഞ്ഞം-കോവളം ഏരിയാ ഡെവലപ്പ്മെന്റിന്റെ സ്കീമിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തികൾക്ക് അനുമതി ഇല്ലാത്ത ഭാഗത്തായിരുന്നുവെന്ന് മാത്രമല്ല പ്രസ്തുത കെട്ടിടം കോവളം ബൈപാസ് ജംഗ്ഷനിൽ നിന്നും കഷ്ടിച്ച് 780 മീറ്റർ മാത്രം അകലത്തിലുള്ളതും, നിർമ്മാണ പ്രവർത്തികൾക്ക് അനുമതിയില്ലാത്ത ഗോൾഫ് കോഴ്സ് സോണിലുമാണ്. ഇത്തരത്തിൽ സ്ഥലപരിശോധന നടത്താതെ തെറ്റായ റിപ്പോർട്ട് നൽകിയതിനു തിരുവനന്തപുരം റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിലെ ടൗൺ പ്ലാനിംഗ് സർവ്വേയർ ശ്രീ.ജെ.ദിനേഷ് കുമാറിനും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ജെ. ദിനേഷ് കുമാർ, ശ്രീ. കെ. രാജഗോപാൽ എന്നിവർ യഥാക്രമം പരാമർശം (3), (5) എന്നിവ പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. നേരിൽ കേൾക്കണമെന്ന അപേക്ഷ പരിഗണിച്ച് ശ്രീ. ജെ. ദിനേഷ്കുമാറിനെ 25.02.2014 തീയതിയിൽ തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പിലെ അണ്ടർ സെക്രട്ടറി നേരിൽ കേട്ടു.

ശ്രീ.ജെ.ദിനേഷ് കുമാർ ജോലി ചെയ്ത ഓഫീസുകളിൽ നിന്ന് ഒന്നും ടിയാനെക്കുറിച്ച് ഒരു പരാതിയും ഓഫീസ് മേധാവികൾക്കോ വകുപ്പു മേധാവിക്കോ ഇതുവരെയും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ.ജെ. ദിനേഷ് കുമാറിന്റെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കുവാൻ ചീഫ് ടൗൺ പ്ലാനർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിരുന്നു.

ശ്രീ. കെ. രാജഗോപാൽ സമർപ്പിച്ച മറുപടിയിൽ ചട്ടപ്രകാരമാണ് ടിയാൻ കെട്ടിട നികുതി നിശ്ചയിച്ചതെന്നും ആയതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത് പ്രസ്തുത ക്രമക്കേടിനുത്തരവാദികൾ ബിൽഡിംഗ് ഇൻസ്പെക്ടർ, ടൗൺ പ്ലാനിംഗ് ഓഫീസർ എന്നിവർ ആണെന്ന് ഫയൽ പരിശോധിച്ച് സെക്രട്ടറി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ മറുപടി അംഗീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പേർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിഭാഗത്തിലെ ഒരേ കുറ്റം ആരോപിക്കപ്പെട്ടവരിൽ 1-ാം പേരുകാരനായ ശ്രീ. കെ.എസ്.ശശികുമാറിന് Censure നൽകി അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ. ദിനേഷ് കുമാറിന് എതിരായ അച്ചടക്ക നടപടി

'Censure' ചുമത്തിയും, ടൗൺ പ്ലാനിംഗ് വിഭാഗം നല്കിയ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് പ്രകാരമുള്ള നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് ചട്ടപ്രകാരമാണെന്നും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വന്നിട്ടില്ല എന്ന വിശദീകരണം അംഗീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ റവന്യു ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. രാജഗോപാലിനെ കുറ്റവിമുക്തനാക്കിയും ടിയാളുകൾക്കെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എ.പി.എം, മുഹമ്മദ് ഹനീഷ്,** ഐ.എ.എസ്.
**ഗവൺമെന്റ് സെക്രട്ടറി.**

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ശ്രീ. ജെ. ദിനേഷ് കുമാർ, 1st ഗ്രേഡ് സർവ്വേയർ, ചീ ഫ് ടൗൺ പ്ലാനറുടെ ഓഫീസ്, തിരുവനന്തപുരം.
ശ്രീ. കെ. രാജഗോപാൽ, സൂപ്രണ്ട്, തിരുവനന്തപുരം നഗരസഭ.
വിജിലൻസ് വകുപ്പ് (റഫ. നം. 5199/D1/12/Vig. തീയതി 10.09.2012)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**